## അമലഭാരതം

# നാലാം ഞായർ ശുചിത്വദിനം

കൊല്ലം: അമലഭാരതം പദ്ധതിയുടെ ഭാഗമായി നാടിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി എല്ലാ മാസത്തിലെയും നാലാം ഞായറാഴ്ച ശുചിത്വദിനമായി ആചരിക്കാൻ മാതാ അമൃതാനന്ദമയീമഠം തീരുമാനിച്ചു. എല്ലാവരും അന്നേ ദിവസം ഒരു മണിക്കൂർ നേരമെങ്കിലും പരിസര ശുചീകരണ യജ്ഞത്തിൽ പങ്കാളികളാവുക എന്നതാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാരംഭഘട്ടമായി 28ന് നാലാം ഞായറാഴ്ച ഒരു മണിക്കൂർ നേരം കേരളത്തിലെ ഒരു ലക്ഷം കുടുംബാംഗങ്ങൾ അവരവരുടെ ഗൃഹപരിസരവും സമീപമുള്ള പൊതുവഴിയും വൃത്തിയാക്കും. കൂടാതെ പൊതുജന പങ്കാളിത്തത്തോടുള്ള കൂട്ടായ്മകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പൊതുസ്ഥലങ്ങൾ മാലിന്യമുക്തമാക്കും. ജില്ലാ താലൂക്കാസ്ഥാനങ്ങൾ ശുചീകരിക്കുന്നതിന് പ്രാമുഖ്യം നൽകും. ശുചീകരണവേളയിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ പുനഃസംസ്കരണ കേന്ദ്രങ്ങളിൽ എത്തിക്കാനുള്ള നടപടിയെടുക്കും. തുടർന്നു വരുന്ന മാസങ്ങളിലെ നാലാം ഞായറാഴ്ചകളിൽ അമലഭാരതം സേവാകുടുംബങ്ങൾ സമീപവാസികളെ കൂടി ഉൾക്കൊള്ളിച്ച് മാലിന്യ നിർമാർജന പ്രവർത്തനങ്ങൾക്കായുള്ള കൂട്ടായ്മകൾ സംഘടിപ്പിക്കും. വീടുകളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കി അതുപയോഗിച്ച് പച്ചക്കറി കൃഷി ചെയ്യുവാനുള്ള പരിശീലനം അമലഭാരതം പദ്ധതിയുടെ ഭാഗമായി ഇവർക്കു നൽകും. ഫോർത്ത് സൺഡേ ക്ലീൻ സൺഡേ ദിനാചരണത്തിനു ജാതിമത രാഷ്ട്രീയ ഭേദമില്ലാതെ മുഴുവൻ കേരളീയ ജനതയുടെയും പങ്കാളിത്തമാണ് പ്രതീക്ഷിക്കുന്നത്. പ്രത്യേകിച്ച് വ്യാപാരി വ്യവസായി സമൂഹത്തിന്റെ സേവനവും സഹകരണവും മാലിന്യ നിർമാർജന യജ്ഞത്തിന് അത്യന്താപേക്ഷിതമാണ്. എല്ലാ മാസത്തിലെയും നാലാം ഞായറാഴ്ച കുറച്ചു മണിക്കൂറുകൾ എങ്കിലും സ്വന്തം വ്യാപാരസ്ഥാപനങ്ങൾക്കു സമീപമുള്ള മാലിന്യം നിർമാർജനം ചെയ്യുന്ന സാമൂഹ്യസേവനത്തിന് അതിന്റെ ഉടമസ്ഥരും പ്രവർത്തകരും തയ്യാറാകുമെന്ന പ്രതീക്ഷയാണ് സംഘാടകർക്കുള്ളത്.

അമൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ അവരുടെ കുടുംബാംഗങ്ങൾ നാലാം ഞായറാഴ്ച ഈ യജ്ഞത്തിൽ പങ്കാളികളാവും. മാതാ അമൃതാനന്ദമയീ മഠങ്ങളിലെ നാലാം ഞായറാഴ്ചകളിലെ ആധ്യാത്മിക അന്തർയോഗങ്ങളുടെ ഭാഗമായി പൊതു വഴികളും സ്ഥലങ്ങളും ആശ്രമത്തിലെത്തുന്ന ഭക്തജനങ്ങൾ വൃത്തിയാക്കും. ആശ്രമ അന്തേവാസികൾ ഈ സേവന കർമങ്ങളിൽ പങ്കു ചേർന്ന് നേതൃത്വം നൽകുമെന്ന് സ്വാമി ജ്ഞാനാമൃതാനന്ദപുരി പത്രക്കുറിപ്പിൽ അറിയിച്ചു.